(ബി) ബഹു. കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. രാജ്നാഥ് സിംഗിനോടൊപ്പം പ്രോക്സിമിറ്റി ഡ്യൂട്ടിയിലുണ്ടായിരുന്ന പേഴ്സണൽ സെക്യൂരിറ്റി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥനുമായി ബി.ജെ.പി. പ്രവർത്തകർ ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ അറിവോടുകൂടിയാണ് തലപ്പാവ് അണിയിക്കുകയുണ്ടായത്. ആയതിനാൽ ഇതു സംബന്ധിച്ച് സംസ്ഥാന പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലാത്തതും ഇക്കാര്യത്തിൽ അന്വേഷണമോ മറ്റു നടപടികളോ സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

നിരാക്ഷേപ പത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകൾ

218 (2090) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ നിരാക്ഷേപ പത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ എണ്ണം എത്ര ; അവ ഏതെല്ലാം ; വ്യക്തമാക്കാമോ ;

(ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേസ്സുകളേതെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 4718 കേസ്സുകൾ.

(ബി) 1272 കേസ്സുകൾ.

പാലക്കാട് ജില്ലയിലെ കവർച്ച കേസ്സുകൾ

219 (2091) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഈ വർഷം എത്ര കവർച്ച കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ഏതെല്ലാം തരത്തിലുള്ള കവർച്ച കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) കവർച്ച കേസ്സിൽപ്പെട്ട മുഴുവൻ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ 2014-ാം വർഷം 42 കവർച്ച കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (Dacoity -4, Robbery -38)

(സി) കവർച്ച കേസ്സിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടില്ല. 42 കേസ്സുകളിലായി 43 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly